No. CEE/3321/2012/NEET (UG) 2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**<u>വിജ്ഞാപനം</u>**

# 2013 ലെ MBBS/BDS കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

2013 ലെ MBBS/BDS കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **27.08.2013** ന് ആരംഭിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **27.08.2013 മുതൽ 30.08.2013, 3 മണി വരെ** **<u>www.cee.kerala.gov.in</u>** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **03.09.2013** ന് **രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **04.09.2013** മുതൽ **07.09.2013** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയ പ്രകാരം അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും രണ്ടാം ഘട്ട അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ട്, ഡാറ്റാ ഷീറ്റ് എന്നിവയും, KEAM 2013 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **04.09.2013** മുതൽ **07.09.2013** വരെയുള്ള തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ഫീസിനത്തിൽ കോളേജിൽ അടയ്ക്കേണ്ട ബാക്കിതുക/പലിശ രഹിത ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി ഉണ്ടെങ്കിൽ അതും അഡ്മിഷൻ സമയത്ത് കോളേജിൽ നൽകേണ്ടതാണ്.

**07.09.2013** വൈകുന്നേരം **5.30 ന്** ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിൻറൗട്ട് ഈ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്.

**രണ്ടാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 27.08.2013 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 30..08.2013<br>(വൈകുന്നേരം 3 മണി ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| **03.09.2013** | **രണ്ടാം ഘട്ട അലോട്ടുമെന്റ് (കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിൽ വരുന്ന കോളേജുകളിലേക്കും, കാരക്കോണം ഡോ:സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജിലേക്കുമുള്ള അവസാന ഘട്ട അലോട്ട്മെന്റ്)** |
| 04.09.2013 മുതൽ 07.09.2013 വരെ | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കിയ ശേഷം അലോട്ടുമെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പലിനു മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ/പലിശ രഹിത ഡെപ്പോസിറ്റിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക/ബാങ്ക് ഗാരണ്ടി ഉണ്ടെങ്കിൽ അതും കോളേജിൽ നൽകേണ്ടതാണ്. |
| 07.09.2013<br>(വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |

**നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ തുടർന്നുള്ള അലോട്ടുമെന്റുകൾക്ക് പരിഗണിക്കുന്നതല്ല.**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന ഈ അലോട്ട്മെന്റ് താഴെപ്പറയുന്ന കോളേജുകളിലേക്കുള്ള അവസാനഘട്ട അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ പ്രസ്തുത കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് 12.2.4 (സി) പ്രകാരമുള്ള പിഴ സർക്കാരിന് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

1. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, അമല നഗർ, തൃശൂർ.
2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂർ.
3. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി, എറണാകുളം.
4. പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & റിസർച്ച്, തിരുവല്ല.
5. പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസസ്, തിരുവല്ല.
6. ഡോ:സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ്, കാരക്കോണം, തിരുവനന്തപുരം.

രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം പ്രസ്തുത കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളുടേയും ഹയർ ഓപ്ഷനുകൾ റദ്ദാക്കപ്പെട്ടതായി കണക്കാക്കുന്നതാണ്.

രണ്ടാംഘട്ട അലോട്ട്മെന്റിൽ പുതുതായി ഉൾപ്പെടുത്തിയ താഴെപ്പറയുന്ന കോളേജുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്.

| Sl.No. | College Code | Name of College | Course Code and Seats |
|---|---|---|---|
| 1 | DMM | DM.Wayanad Institute of Medical Sciences, Meppadi (P.O) Wayanad | MBBS (MM) - 150 seats |
| 2 | SGD | St.Gregorious Dental College, Chelad, Kothamangalam | BDS (MD) - 40 seats |

പുതുതായി അനുവദിക്കപ്പെട്ട ഡി.എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, മേപ്പാടി, വയനാട് എന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിലെ 20% മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലേക്ക് (30 സീറ്റ്) പ്രവേശന പരീക്ഷാ കമ്മീഷണർ NEET (UG) 2013 റാങ്ക് ലിസ്റ്റിൽ നിന്ന് മെരിറ്റിന്റേയും ഓപ്ഷനുകളുടേയും അടിസ്ഥാനത്തിൽ അലോട്ട്മെന്റ് നടത്തുന്നതായിരിക്കും. പ്രസ്തുത കോളേജിലെ ഫീസ് വിവരം താഴെ ചേർക്കുന്നു.

| Course & Code | Sanctioned Strength | Seats to be allotted by CEE | |
|---|---|---|---|
| | | Govt.Merit Seats (50%) 75 seats | Management seats (20%) 30 seats |
| MBBS (MM) | 150 | Tuition Fees Rs.1,65,000/- | Tuition Fees - Rs.7,00,000/- +<br>Refundable Deposit - Rs.5,00,000/- +<br>Bank Guarantee for the amount covering the fees for the remaining 4 years |

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
24.08.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**